LBRD-C4/110/2026-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം - കട്ടപ്പന ഐ.ടി.ഐ-യിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അഖിൽജിത്ത്.എ-യുടെ പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധിയിൽ ഉപയുക്തമാക്കാത്ത കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.743/2026/LBR തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-
1. സ.ഉ(സാധാ) നം. 604/2024/തൊഴിൽ, തീയതി 06/06/2024
2. കട്ടപ്പന ഐ.ടി.ഐ-യിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അഖിൽജിത്ത്.എ സമർപ്പിച്ച 08/10/2025 തീയതിയിലെ അവധി അപേക്ഷ.
3. ട്രെയിനിംഗ് ഡയറക്ടറുടെ 04/04/2026 തീയതിയിലെ ഡി.ടി/4917/2025/എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലെ കട്ടപ്പന ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അഖിൽജിത്ത്.എ-യ്ക്ക് പരാമർശം-1ലെ ഉത്തരവ് പ്രകാരം പഠനാവശ്യത്തിനായി 25/09/2023 മുതൽ 31/07/2025 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ ട്രെയിനിംഗ് പൂർത്തിയായതിനാൽ 14/07/2025-ന് ടിയാനെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ടിയാൾ പ്രയോജനപ്പെടുത്താത്ത 14/07/2025 മുതൽ 31/07/2025 വരെയുള്ള ശൂന്യവേതനാവധി റദ്ദ് ചെയ്യുന്നതിനായി പരാമർശം-3ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കട്ടപ്പന ഐ.ടി.ഐയിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അഖിൽജിത്ത്.എ-യ്ക്ക് പരാമർശം-1-ലെ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയിൽ ടിയാൻ ഉപയുക്തമാക്കാത്ത 14/07/2025 മുതൽ 31/07/2025 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.അഖിൽജിത്ത്.എ, ഓഫീസ് അറ്റൻഡന്റ്, കട്ടപ്പന ഐ.ടി.ഐ. (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (22/05/2026-ലെ 2737487/LBR-1/65/2024-FIN നമ്പർ നോട്ട് പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 06-07-2026 10:20:40
സെക്ഷൻ ഓഫീസർ